**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1635** **20-06-2024 - ൽ മറുപടിയ്ക്ക്**

**കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതിയിൽ ഉൾപ്പെട്ട കൃഷിക്കാർക്ക് വൈദ്യുതി ബിൽ സമയബന്ധിതമായി അടച്ചില്ല എന്ന കാരണം പറഞ്ഞ് ഡിസ്കണക്ഷൻ മുന്നറിയിപ്പ് കൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് ഈ പ്രശ്നത്തിന് ഉചിതമായ പരിഹാരം കാണാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | സ്വീകരിച്ചിട്ടുണ്ട്. കാർഷിക ആവശ്യത്തിനുള്ള പമ്പു സെറ്റുകളുടെ വൈദ്യുതി കുടിശ്ശിക, പി.എം. കുസും പദ്ധതി നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെയും ബഹു. കൃഷിവകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 24/01/2024 ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ വൈദ്യുതി കുടിശ്ശികയുടെ പ്രശ്നം ഒരു കാരണവശാലും കർഷകരെ ബാധിക്കാൻ പാടില്ലായെന്നും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാൻ പാടില്ല എന്നും കുടിശ്ശിക എത്രയുണ്ട് എന്നതു സംബന്ധിച്ച കൃത്യമായ ധാരണയിലെത്തി ധനകാര്യ വകുപ്പുമായി ആലോചിച്ച് കുടിശ്ശിക നിവാരണം ചെയ്യുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കണം എന്നും തീരുമാനിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ